Malayala Manoram 16-09-18, P-02

# പൊടി മൂടിയ പാടത്ത് കൃഷി മുടങ്ങുന്നു

**വേലൂർ പഴവൂരിലെ പാടശേഖരം തരിശിടേണ്ട ഗതികേടിൽ**



വേലൂർ പഞ്ചായത്തിലെ പഴവൂർ പാടശേഖരത്തിൽ കരിങ്കല്ല് പൊടി നിറഞ്ഞു കിടക്കുന്ന നെൽവയൽ.

എരുമപ്പെട്ടി ● വേലൂർ പഞ്ചായത്തിലെ പഴവൂരിലെ കരിങ്കൽ ക്രഷറിൽനിന്ന് ഒഴുകിയെത്തുന്ന കരിങ്കൽപ്പൊടിയും ചെളിയും വന്നടിഞ്ഞതോടെ ഏക്കർ കണക്കിനു വയലുകളിൽ കൃഷി അസാധ്യമായതായി പരാതി.

പാടശേഖരത്തിനടുത്തു പ്രവർത്തിക്കുന്ന ക്രഷറിനെതിരെ പഴവൂർ പാടശേഖരസമിതി പ്രവർത്തകർ ജില്ലാ കലക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ്, ജിയോളജി വകുപ്പ് എന്നിവിടങ്ങളിൽ പരാതി നൽകി.

20 ഏക്കർ കൃഷിയോഗ്യമല്ലാതായി. ആറേക്കർ പൂർണമായി കൃഷിയോഗ്യമല്ലാതായെന്നു കൃഷിവകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പാടശേഖരത്തിലേക്കു വെള്ളമെടുത്തിരുന്ന രണ്ടു പൊതുകുളങ്ങൾ കരിങ്കൽപ്പൊടിയും ചെളിയും വന്നടിഞ്ഞു പൂർണമായി തൂർന്ന നിലയിലാണ്. ഈ പ്രദേശത്ത പല കർഷകരും കൃഷി ഉപേക്ഷിക്കുകയാണ്.

പരാതിയിൽ ബന്ധപ്പെട്ട അധികൃതർ നടപടികളെടുത്തില്ലെങ്കിൽ പാടശേഖരത്തിൽ കൃഷി ബഹിഷ്കരണം ഉൾപ്പെടെയുള്ള പ്രക്ഷോഭം സംഘടിപ്പിക്കുമെന്നു പാടശേഖര സമിതി ഭാരവാഹികൾ അറിയിച്ചു.